**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3336** **08-10-2025 - ൽ മറുപടിയ്ക്ക്**

**എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് നിലവിലുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് എന്നാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 15/04/2025 ലെ കത്ത് പ്രകാരം 2024-25 ലെ അവസാന ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ആയിരുന്നു 2025- 26 ലെ ആദ്യ രണ്ട് ക്വാർട്ടിറിലും തുടർന്നു വന്നിരുന്നത്. നിലവിൽ 2025-26 ആദ്യ പാദത്തിന്റെ (ഏപ്രിൽ - ജൂൺ) ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നതിന് 20/02/2025 ലെ സ.ഉ(കൈ)നം.10/2025/പി. ഡബ്ല്യു.ഡി-യിൽ നിഷ്കർഷിക്കുംപ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായതിനാൽ ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകുകയും, തുടർന്ന് ആവശ്യമുള്ള ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. മൂന്നാം ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ ഷെഡ്യൂൾഡ് റേറ്റിനേക്കാൾ കുറവായി ലോക്കൽ മാർക്കറ്റ് റേറ്റ് കാണുന്നത് കൊണ്ട് പല കരാറുകാരും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്നതും ടെൻഡറായ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെയ്ക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 15/04/2025 ലെ കത്ത് പ്രകാരം 2024-25 ലെ അവസാന ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ആയിരുന്നു 2025- 26 ലെ ആദ്യ രണ്ട് ക്വാർട്ടിറിലും തുടർന്നു വന്നിരുന്നത്. നിലവിൽ 2025-26 ആദ്യ പാദത്തിന്റെ (ഏപ്രിൽ - ജൂൺ) ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നതിന് 20/02/2025 ലെ സ.ഉ(കൈ)നം.10/2025/പി. ഡബ്ല്യു.ഡി-യിൽ നിഷ്കർഷിക്കുംപ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായതിനാൽ ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകുകയും, തുടർന്ന് ആവശ്യമുള്ള ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. മൂന്നാം ക്വാർട്ടറിലെ ലോക്കൽ മാർക്കറ്റ് റേറ്റ് ഉടൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും പ്രവൃത്തികൾ എത്രയും | (സി) | എസ്റ്റിമേറ്റ് റേറ്റ്, ലോക്കൽ മാർക്കറ്റ് റേറ്റ് എന്നിവയുടെ അന്തരം കുറയ്ക്കുന്നതിനും, കൂടുതൽ |

| | | | |
|---|---|---|---|
| | പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | പ്രായോഗികമായ ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നതിനും കൂടുതൽ വ്യതിയാനമുള്ള നിരക്കുകൾ പരിശോധിച്ച് ആയവയുടെ നിരക്കുകളെക്കുറിച്ച് ഫീൽഡ് എഞ്ചിനിയേഴ്സ്, കരാറുകാർ, മാർക്കറ്റിംഗ് ഷോപ്പ് എന്നിവയിൽ വിലവിവരം തിരക്കി ആയത് ലോക്കൽ മാർക്കറ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനം കൈകൊള്ളാറുണ്ട്. |

സെക്ഷൻ ഓഫീസർ